പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2402

01/04/2013-ൽ
മറുപടിയ്ക്ക്

**ശബരിമല മാസ്റ്റർപ്ലാൻ**

ചോദ്യം

ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. സാജു പോൾ
ശ്രീമതി അയിഷാ പോറ്റി
ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കഴിഞ്ഞ മണ്ഡല - മകര വിളക്കു കാലത്തിനു മുമ്പ് ശബരിമല മാസ്റ്റർപ്ലാനിന്റ ഭാഗമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾക്കായി തന്നാണ്ടിലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 25 കോടി രൂപയിൽ ഒരു രൂപ പോലും 2013 മാർച്ച് പകുതി വരെ പദ്ധതി നടപ്പാക്കേണ്ട ഉന്നതാധികാര സമിതിക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്താമാക്കാമോ; ഈ തുക എന്നാണ് സമിതിക്ക് കൈമാറിയത്; | എ) | ശബരിമല മാസ്റ്റർ പ്ലാനിൻെറ ഭാഗമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾക്കായി പ്രഖ്യാപിച്ചിരുന്ന 25 കോടി രൂപ ഭരണപരമായ നടപടി ക്രമങ്ങൾക്കു ശേഷം 26/03/2013 -ൽ ഉന്നതാധികാര സമിതിക്ക് കൈമാറിയിട്ടുണ്ട്. |
| ബി) | ഏതൊക്കെ പദ്ധതികൾക്കായാണ് തുക നീക്കിവെച്ചിരുന്നത്; അറിയിക്കുമോ; | ബി) | ശബരിമലയിലും പമ്പയിലും സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, പ്രസാദം കോംപ്ലക്സ്, അന്നദാന മണ്ഡപം, ലോവർ തിരുമുറ്റത്തിൻെറ പുനർനിർമ്മാണം, വിരിവെക്കുന്നതിനുള്ള കൂടുതൽ സൗകര്യങ്ങൾ, കുന്നാർ ഡാമിൻെറ ശേഷി വർദ്ധിപ്പിക്കൽ, മലയിറങ്ങി വരുന്നവർക്ക് പമ്പയിൽ വിശ്രമ സങ്കേതം എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയാണ് തുക നീക്കിവെച്ചിട്ടുള്ളത്. |
| സി) | ധനകാര്യ വകുപ്പ് ഫണ്ട് കൈമാറാതിരിക്കാൻ കാരണം എന്താണ്; അറിയിക്കാമോ; | സി) | ഭരണപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസമാണ് ധനകാര്യ വകുപ്പിൽ ഉണ്ടായിട്ടുള്ളത്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫണ്ട് വിനിയോഗത്തെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെൻറ് ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ട്രസ്റ്റ് ലഭ്യമാക്കാതിരുന്നതും കാലതാമസത്തിന് |

| | | | |
|---|---|---|---|
| | | | കാരണമായി. നടപടിക്രമങ്ങൾ പാലിച്ച് 14/03/2013 -ാം തീയതി ധനകാര്യ വകുപ്പ് ഫണ്ട് കൈമാറാൻ അനുമതി നൽകിയിട്ടുണ്ട്. അതിനെ തുടർന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും 26/03/2013 -ന് ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ട്രസ്റ്റിന്റെ പേരിലുള്ള അക്കൗണ്ടിൽ 25 കോടി രൂപ മാറ്റിനൽകിയിട്ടുമുണ്ട്. |
| ഡി) | ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള പദ്ധതികൾക്ക് ധനകാര്യവകുപ്പിന്റെ അംഗീകാരം വാങ്ങിയിരുന്നുവോ? | ഡി) | ശബരിമല മാസ്റ്റർ പ്ലാനിലെ പദ്ധതികൾക്ക് ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേകം പ്രത്യേകം അനുമതി വാങ്ങാറില്ല. ശബരിമല മാസ്റ്റർ പ്ലാനിലെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്ന ഫണ്ട് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ശബരിമല മാസ്റ്റർ പ്ലാൻ ഇഫ്രാസ്ട്രക്ചർ ട്രസ്റ്റിന് അനുവദിക്കാറുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ